(ഇ) ചാർജ്ജ് വർദ്ധന ഒഴിവാക്കി ബോർഡിന്റെ പ്രവർത്തനം സുഗമമാക്കാനാണ് ശ്രമിക്കുന്നത്. ഇക്കാര്യത്തിൽ തീരുമാനം എടുക്കേണ്ടത് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനാണ്.

താരീഫ് റെഗുലേറ്ററി കമ്മീഷൻ നൽകിയ ശുപാർശകൾ

4 [5959] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് താരീഫ് റെഗുലേറ്ററി കമ്മീഷന് നൽകിയ ശുപാർശകൾ എന്തൊക്കെയാണ്;

(ബി) താരീഫ് റെഗുലേറ്ററി കമ്മീഷൻ ഇക്കാര്യത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ എന്തെങ്കിലും സംസ്ഥാന ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അവ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് 1-8-2003-ൽ കമ്മീഷൻ മുൻപാകെ 2001-02, 2002-03, 2003-04 വർഷങ്ങളിലെ വരവു ചെലവുകളുടെ വിശദാംശങ്ങളടങ്ങുന്ന ഇ. ആർ. സി. ഫയലിംഗ് പെറ്റീഷൻ (Expected Revenue from charges) നൽകിയിട്ടുണ്ട്. ബോർഡ് താരീഫ് വർദ്ധിപ്പിക്കുന്നതിനുവേണ്ടി ശുപാർശയൊന്നും നൽകിയിട്ടില്ല.

(ബി) ഇല്ല. കെ. എസ്. ഇ. ബി. നൽകിയ പെറ്റീഷൻമേലുള്ള വിശദമായ പരിശോധന കമ്മീഷനിൽ നടന്നുകൊണ്ടിരിക്കയാണ്.

(സി) ബാധകമല്ല.

പുതിയ താപവൈദ്യുതി നിലയം

5 [5960] ശ്രീ. സി. ടി. അഹമ്മദ് അലി:
,, പി. കെ. അബ്ദുറബ്ബ്:
,, യു. സി. രാമൻ:
,, കളത്തിൽ അബ്ദുള്ള:
,, ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ താപവൈദ്യുതി നിലയം സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കാൻ ആലോചനയുണ്ടോ;

(ബി) ഇത് എവിടെ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള ശേഷിയാണ് ഈ നിലയത്തിന് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly